## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** **11-10-2024 - ൽ മറുപടിയ്ക്ക്**

### തൃക്കാക്കര കൃഷി ഓഫീസിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തൃക്കാക്കര കൃഷി ഓഫീസിൽ ജീവനക്കാരുടെ കുറവ് ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട നൂറുകണക്കിന് അപേക്ഷകൾ മൂന്നും നാലും വർഷങ്ങളായി തീർപ്പാകാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | **തൃക്കാക്കര നഗരസഭാ കൃഷിഭവന്റെ കീഴിൽ വാഴക്കാല, കാക്കനാട് എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 43 വാർഡുകളാണ് നിലവിലുള്ളത്. 2019 മുതൽ 2022 വരെ ഓഫ് ലൈൻ ആയി 979 അപേക്ഷകൾ ലഭിക്കുകയും അതിൽ 80 ശതമാനത്തിലധികം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2022 ൽ ഓൺലൈനായി ഫോം 5 അപേക്ഷകൾ സ്വീകരിച്ചത് മുതൽ ഇന്നേവരെ 1894 എണ്ണം അപേക്ഷകളാണ് ഉള്ളത്. അതിൽ 910 അപേക്ഷകൾ പൂർത്തീകരിച്ചിട്ടുള്ളതും നിലവിൽ 984 അപേക്ഷകൾ പൂർത്തീകരിക്കാൻ ഉള്ളതുമാണ്. അപേക്ഷകൾ വില്ലേജ്, ബ്ലോക്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശോധന നടത്തി വരുന്നു.** |
| (ബി) | കൃഷി ഓഫീസിൽ നിന്നുള്ള റിപ്പോർട്ട് ലഭിക്കാത്തത് കൊണ്ടുമാത്രം റവന്യൂ അദാലത്തുകളിൽ ഉൾപ്പെടെ അപേക്ഷകൾ തീർപ്പാക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത ഓഫീസിൽ തീരുമാനമെടുത്തിട്ടില്ലാത്ത അപേക്ഷകളിൽ ഉടൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതുൾപ്പെടെയുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (ബി) | ഓഫ് ലൈൻ ആയും ഓൺലൈൻ ആയും ലഭിച്ച അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ടുകൾ സമർപ്പിക്കാൻ ആവശ്യമായ പരിശ്രമങ്ങളെല്ലാം തൃക്കാക്കര കൃഷിഭവന്റെ ഭാഗത്തുനിന്നും ചെയ്തു വരുന്നുണ്ട്. കൂടാതെ അദാലത്തിനോടനുബന്ധിച്ച് ബാക്കിയുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനായി മറ്റൊരു കൃഷിഭവനിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ഒരു കൃഷി അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ